നം. സി.ജനറൽ1/ 39200 /2019/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 06/03/2020

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി മാർച്ച് 2020 - പരീക്ഷാക്രമീകരണങ്ങൾ - സംബന്ധിച്ച്

സൂചന:-
1. എസ്.എസ്.എൽ.സി. പരീക്ഷാവിജ്ഞാപനം സി.ജി.എൽ1/39200/19 തീയതി 31.10.2019.
2. പരീക്ഷാകമ്മീഷണറുടെ 03.03.2020 ലെ എസ്.എസ്.എൽ.സി.പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട യോഗ തീരുമാനം.

മാർച്ച് 2020 ലെ എസ്.എസ്.എൽ.സി പരീക്ഷയുമായി ബന്ധപ്പെട്ട് 03.03.2020 ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗത്തിൽ പരീക്ഷാ കമ്മീഷണർ നൽകിയ നിർദ്ദേശങ്ങൾ തുടർ നടപടിക്കായി ഇതോടൊപ്പം നൽകുന്നു. എസ്.എസ്.എൽ.സി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സൂചന (2) യോഗ തീരുമാനപ്രകാരമുള്ള പ്രവർത്തനങ്ങൾ പരീക്ഷക്കുമുന്നോടിയായി ക്രമീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

ഉള്ളടക്കം:- സൂചന(2)

# SSLC EXAMINATION MARCH 2020
## Video conference 03.03.2020

2020 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 03.03.2020 ൽ എറണാകുളം എസ്. ആർ. വി .എച്ച്. എസ്. എസ്. ൽ ചേർന്ന ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ യോഗത്തിൽ ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടർ വീഡിയോ കോൺഫറൻസ് മുഖേന നൽകിയ നിർദ്ദേശങ്ങൾ.

1. ചോദ്യപേപ്പർ സൂക്ഷിക്കുന്ന മുറികളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഇനിയും ക്യാമറ സ്ഥാപിച്ചിട്ടില്ലാത്ത സ്കൂളുകളിൽ 2 ദിവസത്തിനുള്ളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മതിയായ പരീക്ഷാ സജ്ജീകരണങ്ങൾ നടത്താത്ത സ്കൂളുകൾക്ക് ജില്ലാവിദ്യാഭ്യാസ ആഫീസർമാർ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ക്ലസ്റ്റർ ഡ്യൂട്ടിയിലുള്ള എല്ലാ ജീവനക്കാരും പരീക്ഷയുടെ തലേദിവസം (മാർച്ച് 9) Treasury / Bank ൽ പോയി Liaison work നടത്തണം. തുടർന്ന് ക്ലസ്റ്ററിലുള്ള മുഴുവൻ പരീക്ഷാകേന്ദ്രങ്ങളിലും പോയി ചീഫ്/ഡെപ്യൂട്ടിമാരെ കണ്ട് ചോദ്യപേപ്പർ എത്തിചേരുന്ന സമയം അറിയിക്കേണ്ടതുമാണ്. ചോദ്യപേപ്പർ വിതരണത്തിന്റെ ഒരു ട്രയൽ ആയി ഇതിനെ കാണുകയും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. ഇടുക്കി ജില്ലയിൽ കളക്ടറുടെ മോണിറ്ററിംഗ് കമ്മിറ്റി അടിയന്തിമായി ചേരുന്നതിനുള്ള നടപടി ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ജില്ലാകളക്ടർമാരെ കണ്ട് ചോദ്യപേപ്പർ സൂക്ഷിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി ബ്രാഞ്ചുകൾ 06.30. ന് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പരീക്ഷാ ഡ്യൂട്ടിയില്ലാത്ത അദ്ധ്യാപകർ പരീക്ഷാ ദിവസങ്ങളിൽ ഉച്ചയ്ക്ക് 2.00 മണിമുതൽ 3 മണിവരെയുള്ള സമയത്ത് സ്കൂളിലെത്തി ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

7. ഇൻവിജിലേഷൻ ഡ്യൂട്ടിയ്ക്കായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർ 10/03/2020 ന് മുമ്പ് പരീക്ഷാകമ്മീഷണർ നിർദ്ദേശിക്കുന്ന തീയതിയിലും, സമയത്തും പരീക്ഷാകേന്ദ്രങ്ങളിൽ എത്തുകയും, ചീഫ് സൂപ്രണ്ടുമാർ നയിക്കുന്ന ക്ലാസിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

പരീക്ഷാകമ്മീഷണർ